ഓരോ ദിവസവും വിനിമയം ചെയ്യേണ്ട പാഠങ്ങൾ ഫ്രെയിമുകളായാണ് തയ്യാറാക്കിയിട്ടുള്ളത്

## പാഠം 2

# കുട്ടിപ്പുര

| രൂപീകരണ പാഠം | പ്രക്രിയ | ഊന്നൽ അക്ഷരങ്ങൾ /ചിഹ്നങ്ങൾ |
|---|---|---|
| **ഫ്രെയിം 1 - വണ്ടിന്റെ വീട്**<br>വണ്ട്<br>മിത്രൻ<br>മിത്രൻ വണ്ട്<br>കലം<br>ഇവിടെ താമസിക്കാം<br>മിത്രന്റെ വീട്<br>മിത്രൻ താമസിക്കുന്ന വീട് | ടീച്ചർ ഒരു കഥ ഭാവം ഉൾക്കൊണ്ട് പറയുന്നു. ഒരു വണ്ട് സങ്കടത്തോടെ പറന്നുവരികയാണ്.എന്തിനാവും സങ്കടം? കുട്ടികളുടെ സ്വതന്ത്ര പ്രതികരണം ടീച്ചർ പറയുന്നു വീടില്ല.നമുക്ക് ആ വണ്ടിനെ പരിചയപ്പെട്ടാലൊ?<br>വണ്ടിന്റെ ഒരു പേപ്പർ മാതൃക അല്ലെങ്കിൽ ചിത്രം ബുക്കിൽ ഒട്ടിക്കുന്നു.<br>ചുവടെ വണ്ട് എന്ന് എഴുതുന്നു.മണ്ണിൻറെ പേര് ഊഹിക്കാൻ അവസരം നൽകുന്നുവണ്ടിന്റെ പേര് ഊഹിക്കാൻ അവസരം നൽകുന്നു. മിത്രൻ എന്ന പേര് ടീച്ചർ പരിചയപ്പെടുത്തുന്നു.വണ്ടിന്റെ ചിത്രത്തിന് ചുവട്ടിൽ മിത്രൻ എന്നെഴുതുന്നു. കഥ തുടരുന്നു.വണ്ട് അങ്ങോട്ടുമിങ്ങോട്ടും പറക്കുകയായിരുന്നു.പെട്ടെന്നതാ ഒരു കലം.ടീച്ചർ നൽകുന്ന കലത്തിന്റെ ചിത്രം എല്ലാവരും ബുക്കിൽ ഒട്ടിക്കുന്നു.കലം എന്നെഴുതുന്നു.വണ്ടിന്റെ സംഭാഷണ കുമിള പൂരിപ്പിക്കുന്നു.<br>ഇവിടെ താമസിക്കാം<br>തലത്തിനുള്ളിൽ ഇരിക്കുന്ന വണ്ടിന്റെ ചിത്രം ഒട്ടിക്കുന്നു.എഴുതുന്നു മിത്രന്റെ വീട് മിത്രൻ താമസിക്കുന്ന വീട് . | ണ്ട<br>ത്ര<br>ക്ക<br>ൻ |
| **ഫ്രെയിം - 2 - കുഞ്ചി**<br>കുഞ്ചി വന്നു<br>രൂപീകരണ പാഠം<br>ടക് , ടക് , ടക്<br>ആരാ ?<br>എന്തു വേണം ?<br>കുഞ്ചി<br>ഞാൻ കുഞ്ചി<br>എനിക്ക് വീട് വേണം<br>ഇവിടെ താമസിക്കാം<br>പിന്നെന്താ, താമസിച്ചോളൂ | മിത്രൻ കലത്തിനുള്ളിൽ കിടന്ന് ഉറങ്ങുകയായിരുന്നു. പെട്ടെന്ന് കലത്തിന് പുറത്ത് ഒരു കൊട്ട് ടക് ടക്...... ആരാ എന്തു വേണം ചോദിച്ചു. ആരാവും അത് ?<br>ഊഹിക്കാൻ അവസരം നൽകുന്നു. ടീച്ചർ എലിയുടെ പേപ്പർ രൂപം നിർമ്മിച്ചത് നൽകുന്നു എല്ലാവരും ബുക്കിൽ ഒട്ടിക്കുന്നു എലി എന്ന് എഴുതുന്നു. ഈ എലിയുടെ പേര് എന്താണെന്ന് അറിയാമോ? സ്വതന്ത്ര പ്രതികരണം ടീച്ചർ *കുഞ്ചി* എന്ന് പേര് പരിചയപ്പെടുത്തുന്നു. എലിയുടെ താഴെ കുഞ്ചി എന്ന് എഴുതുന്നു. എനിക്ക് വീട് വേണം. ഇവിടെ താമസിച്ചോട്ടെ? എലി ചോദിക്കുന്നതായി സംഭാഷണക്കുമിള പൂർത്തീകരിക്കുന്നു. താമസിക്കാൻ അനുമതി | ട<br>ഞ്ച<br>ന്ത |

| രൂപീകരണ പാഠം | പ്രക്രിയ | ഊന്നൽ അക്ഷരങ്ങൾ /ചിഹ്നങ്ങൾ |
|---|---|---|
| | നൽകുന്നു. | |
| **ഫ്രെയിം 3 – തവള വന്നു**<br>ടക് ടക്....<br>ആരാ?<br>എന്താ?<br>തവള<br>മിക്കു<br>ഞാൻ മിക്കു<br>എനിക്ക് വീട് വേണം<br>പിന്നെന്താ<br>ഇവിടെ താമസിച്ചോളൂ. | അവർ സന്തോഷത്തോടെ താമസിക്കുകയായിരുന്നു. അപ്പോൾ ഒരു ദിവസം കലത്തിന് പുറത്ത് വീണ്ടും ടക് ടക് ശബ്ദം കേട്ടു. ആരാ, എന്താ എന്ന് അവർ ചോദിച്ചു. തവളയുടെ ചിത്രം ഒട്ടിക്കുന്നു. സംഭാഷണകുമിള പൂരിപ്പിക്കുന്നു | ന്ത, ക്ക |
| **ഫ്രെയിം 4 – കുരുവി**<br>കുരുവി<br>കൂട്ടുകാരേ, കൊള്ളാം.... കൊള്ളാം.....<br>നിങ്ങളുടെ വീട് കൊള്ളാം<br>മഴ നനയാത്ത വീട്<br>മഞ്ഞു കൊള്ളാത്ത വീട്<br>വെയിൽ ഏൽക്കാത്ത വീട് | തൊട്ടടുത്ത മരക്കൊമ്പിൽ ഇരുന്ന് കുരുവി കൂട്ടുകാരുടെ വീട് കണ്ടു.അവൾ പറഞ്ഞു കൂട്ടുകാരെ കൊള്ളാം കൊള്ളാം നിങ്ങളുടെ വീടു കൊള്ളാം.ഇത് കേട്ട് വന്ദനം എലിയും തവളയും തല പുറത്തേക്ക് നീട്ടി നോക്കുന്നു. ചിത്രങ്ങൾ ഒട്ടിക്കുന്നു. കുരുവി പറയുന്നു.മഴ നനയാത്ത വീട്... മഞ്ഞു കൊള്ളാത്ത വീട്... വെയിൽ ഏൽക്കാത്ത വീട്....<br>എന്തൊക്കെയാണ് വീടുകൊണ്ടുള്ള പ്രയോജനങ്ങൾ?<br>ചർച്ച | ട്ട<br>ള്ള<br>ത്ത |
| **ഫ്രെയിം 5**<br>**പൂച്ചയും കോഴിയും**<br>പൂച്ച<br>സൂത്രൻ പൂച്ച<br>കോഴി<br>ചക്കിക്കോഴി<br>ഇതാണ് എന്റെ വീട്<br>നിനക്ക് ഇഷ്ടമായൊ?<br>എനിക്ക് ഇഷ്ടമായി<br>ആരാ എന്റെ വീട്ടിൽ ? | ടീച്ചർ കഥ തുടരുന്നു. എല്ലാവരും സന്തോഷത്തോടെ വീട്ടിൽ താമസിക്കുകയായിരുന്നു. ഒരു ദിവസം സൂത്രൻ പൂച്ചയും ചക്കി ക്കോഴിയും കൂടി അവിടേക്ക് വന്നു. ടീച്ചർ പൂച്ചയുടെയും കോഴിയുടെയും ചിത്രം നൽകുന്നു. കുട്ടികൾ ബുക്കിൽ ഒട്ടിക്കുന്നു. ചുവടെ പൂച്ച സൂത്രൻ പൂച്ച എന്ന് എഴുതുന്നു. കോഴിയുടെ ചിത്രത്തിന് താഴെ കോഴി ചക്കിക്കോഴി എന്ന് എഴുതുന്നു. പൂച്ച കോഴിയുടെ നേരെ നോക്കിയിട്ട് പറയുന്നു, ഇത് എൻറെ വീട്. കുട്ടികൾ നോട്ടുബുക്കിൽ എഴുതുന്നു. സംഭാഷണ കുമിള വരയ്ക്കുന്നു. നിനക്ക് ഇഷ്ടമായോ എന്ന്ചോദിക്കുന്നു കോഴി പറയുന്നു എനിക്ക് ഇഷ്ടമായി. | ച്ച ഷ്ട |
| **ഫ്രെയിം – 6**<br>ആരാ എന്റെ കൂട്ടിൽ?<br>ഇത് ഞങ്ങളുടെ വീട്<br>പൂച്ചയ്ക്ക് കോപം വന്നു<br>പൂച്ച ഒറ്റത്തട്ട്<br>കലം പൊട്ടി | പൂച്ച തന്റെ കൂട്ടിനകത്തേക്ക് നോക്കി. അകത്ത് മറ്റുള്ളവരെ കണ്ടപ്പോൾ ദേഷ്യത്തോടെ ചോദിക്കുന്നു. ആരാ എന്റെ കൂട്ടിൽ? അകത്തുള്ളവർ തങ്ങളുടെ വീട് ആണെന്ന് പറയുന്നു. പൂച്ചയ്ക്ക് ദേഷ്യം വന്നു കാണും അല്ലേ? പൂച്ച എന്ത് ചെയ്തു കാണും? | ഷ്ട, ട, ട്ട |

| രൂപീകരണ പാഠം | പ്രക്രിയ | ഊന്നൽ അക്ഷരങ്ങൾ /ചിഹ്നങ്ങൾ |
|---|---|---|
| എലി ചാടി<br>തവള ചാടി<br>വണ്ട് പാറി<br>പൂച്ച ഓടി<br>കഷ്ടം<br>മഹാ കഷ്ടം | കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു.<br>പൊട്ടിക്കിടക്കുന്ന കാലത്തിൻറെ ചിത്രം ഒട്ടിക്കാൻ നൽകുന്നു. കലം പൊട്ടിയപ്പോൾ എല്ലാവരും എന്ത് ചെയ്തു കാണും? പാഠം രൂപീകരിക്കുന്നു. കോഴി എന്തു പറഞ്ഞു കാണും ? | |
| **ഫ്രെയിം – 7**<br>പലതരം വീടുകൾ<br>ഓല മേഞ്ഞ വീട്<br>ഓട് മേഞ്ഞ വീട്<br>വാർത്ത വീട്<br>ഫ്ളാറ്റ്<br>ഉയരമുള്ള ഫ്ളാറ്റ്<br>ധാരാളം മുറികളുള്ള ഫ്ളാറ്റ് | ഇനി എന്തു ചെയ്യും?<br>എവിടെ താമസിക്കും?<br>കൂട്ടുകാർമുഖത്തോട് മുഖം നോക്കി.<br>വാ നമുക്ക് അന്വേഷിക്കാം മിത്രൻ പറഞ്ഞു.<br>അന്വേഷിക്കുന്നതിനിടയിൽ അവർ പലതരം വീടുകൾ കണ്ടു.പാഠപുസ്തകത്തിലെ വീടുകളുടെ ചിത്രം പ്രദർശിപ്പിക്കുന്നു.<br>ചിത്രവായന.<br>എന്തൊക്കെ തരത്തിലുള്ള വീടുകളാണ് അവർ കണ്ടത്? | ഞ്ഞ, ഫ്ള, ള്ള |
| **ഫ്രെയിം – 8**<br>സാവിത്രിക്കുട്ടി<br>എല്ലാവരും എങ്ങോട്ടാ?<br>ഞങ്ങൾക്ക് വീട് വേണം.<br>ഒരു കുഞ്ഞുവീട്<br>ഭംഗിയുള്ള ഒരു കുഞ്ഞുവീട്<br>എന്നോടൊപ്പം വരൂ. | ഒന്നും അവർക്ക് ഇഷ്ടമായില്ല.<br>അവർ വീണ്ടും നടന്നു.<br>എല്ലാവരും എങ്ങോട്ടാ ?<br>ചോദ്യം കേട്ട് അവർ തിരിഞ്ഞു നോക്കി.<br>ഒരു പെൺകുട്ടിയുടെ കട്ടൗട്ട് ഒട്ടിക്കുന്നു.<br>ഇവളുടെ പേര് എന്തായിരിക്കും ?<br>സ്വതന്ത്ര പ്രതികരണം<br>അതിനുശേഷം സാവിത്രി കുട്ടി എന്ന പേര് ടീച്ചർ പരിചയപ്പെടുത്തുന്നു.<br>തുടർന്ന് സംഭാഷണം രൂപീകരിക്കൽ<br>സാവിത്രിക്കുട്ടിയുടെ ചിത്രം ഒട്ടിച്ചതിന് നേരെ എല്ലാവരും എങ്ങോട്ടാ എന്ന് ചോദ്യം എഴുതുന്നു.<br>കൂട്ടുകാരുടെ ചിത്രം ഒട്ടിക്കുന്നു.<br>അവർ പറഞ്ഞ സംഭാഷണം എഴുതുന്നു.<br>ഞങ്ങൾക്ക് വീട് വേണം, കുഞ്ഞു വീട്.<br>സാവിത്രിക്കുട്ടി എന്ത് പറഞ്ഞിരിക്കാം എന്ന ചോദ്യം.എന്നോടൊപ്പം വരൂ എന്ന് പറഞ്ഞതായി എഴുതുന്നു. | ങ്ങ, ട്ട, ഞ്ഞ |
| **ഫ്രെയിം – 9**<br>കുട്ടിപ്പുര<br>എന്റെ കുട്ടിപ്പുര | കൂട്ടുകാർ അവളോടൊപ്പം പോയി.<br>എങ്ങോട്ടായിരിക്കും അവർ പോയത് ?<br>സ്വതന്ത്ര പ്രതികരണം.<br>വെള്ള പേപ്പറിൽ നിർമ്മിച്ച ഒറിഗാമി വീടിന്റെ ചിത്രം  നോട്ടുബുക്കിൽ ഒട്ടിക്കുന്നു.<br>വീടിനുമുന്നിൽ സാവിത്രിക്കുട്ടിയുടെ കട്ടൗട്ട്.<br>സാവിത്രി കുട്ടി പറയുന്നു എന്റെ വീട് എന്റെ കുട്ടിപ്പുര | ട്ട, പ്പ, ക്ക |

| രൂപീകരണ പാഠം | പ്രക്രിയ | ഊന്നൽ അക്ഷരങ്ങൾ /ചിഹ്നങ്ങൾ |
|---|---|---|
| | കൂട്ടുകാർ അവളോട് ചോദിച്ചു ആരാ ഈ വീടു പണിതത്.നിങ്ങൾക്കും അറിയണ്ടേ സാവിത്രി കുട്ടിക്ക് ആരാണ് ഈ വീട് പണിത്കൊടുത്തതെന്ന് .നമുക്ക് പാഠപുസ്തകത്തിലെ 24 പേജ് മുതലുള്ള കഥ ഒന്ന് വായിച്ചു നോക്കാം.പുസ്തകം വായിക്കുന്നു. | |
| **ഫ്രെയിം – 10**<br><br>മരപ്പണി ഉണ്ട്.<br>ചുമര് നിർമ്മാണം ഉണ്ട്.<br>ചുമര് തേക്കാൻ ഉണ്ട്.<br>ചായം പൂശാൻ ഉണ്ട്.<br>പ്ലംബിങ് പണിയുണ്ട്.<br>വയറിങ് | കുട്ടിപ്പുരയുടെ പണി പൂർത്തിയായിട്ടില്ല. ഇത് കണ്ട കുഞ്ചി ചോദിക്കുന്നു. ഇനി എന്തൊക്കെ പണികളുണ്ട്?.<br>എന്തൊക്കെ പണികളാണ് വീട് നിർമ്മാണത്തിന് ആവശ്യം ?<br>ടീച്ചർചോദിക്കുന്നു.<br>ഫീൽഡ് ട്രിപ്പ്/ഐ.സി.റ്റി ഉപയോഗിച്ച് കാണിക്കുന്നു.<br>പദ സൂര്യൻ തയാറാക്കുന്നു.<br>വീടിന്റെ ചിത്രം ഒട്ടിച്ചതിന് ശേഷം വിവിധ പണികളുടെ പേര് എഴുതുന്നു.<br>വീടുപണിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ഒട്ടി ക്കുന്നു.<br>***പദസൂര്യൻ***<br>പെയിന്റിങ്<br>മരപ്പണി<br>തേപ്പുപണി<br>പ്ലംബിങ് | ണ്ട, ങ |
| **ഫ്രെയിം – 11**<br>മേൽക്കൂരയ്ക്ക് ഏതു നിറം?<br>മേൽക്കൂരയ്ക്ക് ചെമപ്പു നിറം.<br>ചെഞ്ചായമോ?<br>ഹായ് ! ചെഞ്ചായം പൂശിയ മേൽക്കൂര<br>നിലത്തിന് ഏതു ചായം?<br>നിലത്ത് കറുത്ത ചായം<br>ഹായ്! കറുത്ത ചായം പൂശിയ നിലം<br>വാതിലിനു ഏതു നിറം?<br>ജനാലയ്ക്ക് ഏതു നിറം?<br>നീല നിറം<br>നീല നിറത്തിൽ വാതിൽ<br>നീല നിറത്തിൽ ജനാലകൾ | ടീച്ചർ കഥ തുടരുന്നു.<br>സാവിത്രിക്കുട്ടിയുടെ വീടിന്റെ മരപ്പണി തീർന്നു.<br>പക്ഷേ ചായം പൂശിയിട്ടില്ല.<br>ചായം പൂശാൻ ഞങ്ങൾ സഹായിക്കാം കൂട്ടു കാർ പറഞ്ഞു.<br>സാവിത്രിക്കുട്ടിയുടെ കട്ടൗട്ട് ഒട്ടിക്കുന്നു.<br>എലിയുടെ ചിത്രം ഒട്ടിക്കുന്നു.<br>സംഭാഷണക്കുമിള<br>മേൽക്കൂരക്ക് ഏതു നിറം?<br>പാഠപുസ്തകത്തിലെ കഥയുടെ ടീച്ചർ നിർദ്ദേശി ക്കുന്ന പേജ് വായിച്ച് മേൽക്കൂരയുടെ നിറം കണ്ടെത്താൻ നിർദ്ദേശിക്കുന്നു. പുസ്തകവായന യിലൂടെ കുട്ടിപ്പുരയുടെ ഓരോ ഭാഗത്തിന്റെയും നിറം കണ്ടെത്തുന്നു. | ത്ത, ക്ക, ഞ്ച, ൽ |
| **ഫ്രെയിം – 12**<br>നിങ്ങൾക്ക് എന്റെ വീട് ഇഷ്ട | പണി പൂർത്തിയായി.<br>എല്ലാവരും വീടിന്റെ ഭംഗി ആസ്വദിച്ചു. | ഷ്ട, പ്ര |

| രൂപീകരണ പാഠം | പ്രക്രിയ | ഊന്നൽ അക്ഷരങ്ങൾ /ചിഹ്നങ്ങൾ |
| --- | --- | --- |
| മായോ?<br>ഇഷ്ടമായി.<br>വീട് ഇഷ്ടമായി.<br>പ്രസാദം<br>സാവിത്രിക്ക് പ്രിയപ്പെട്ട പ്രസാദം | വീടിനൊരു പേര് വേണ്ടേ?<br>ചിത്രത്തിന് താഴെ വീടിന്റെ പേര് പുസ്തകത്തിൽ നിന്ന് കണ്ടെത്തി എഴുതട്ടെ.<br>വീടിനു മുന്നിൽ സാവിത്രിക്കുട്ടിയുടെ കട്ടൗട്ട് ഒട്ടിക്കുന്നു. സംഭാഷണം പൂർത്തിയാക്കുന്നു. | |
| **ഫ്രെയിം – 13**<br>ക്ഷണക്കത്ത് തയാറാക്കി.<br>കൂട്ടുകാരെ ക്ഷണിച്ചു.<br>കൂട്ടുകാരെല്ലാം വന്നു. | പുതിയ വീട്ടിൽ താമസിക്കണ്ടേ?<br>എന്റെ ക്ലാസിലെ കൂട്ടുകാരെ. ക്ഷണിക്കണം.<br>എങ്ങനെ ക്ഷണിക്കും?<br>കത്ത് എഴുതാം.<br>കുഞ്ചി പറഞ്ഞു.<br>ക്ഷണക്കത്തിൽ എന്തൊക്കെ വേണം? ചർച്ച<br>ആകർഷകമായി തയാറാക്കിയ ക്ഷണക്കത്ത് സചിത്ര നോട്ട്ബുക്കിൽ ഒട്ടിക്കുന്നു | ക്ഷ, ട്ട, ക്ക |
| **ഫ്രെയിം – 14**<br>ഇത് അച്ഛൻ<br>അച്ഛൻ എഴുതുന്നു.<br>അമ്മ<br>അമ്മ അടുക്കളയിൽ<br>മക്കൾ<br>തുന്നുന്നു, വീണ വായിക്കുന്നു, പുസ്തകം വായിക്കുന്നു | ക്ലാസിലെ കൂട്ടുകാർ വീട്ടിൽ വന്നു. സാവിത്രി സന്തോഷത്തോടെ സ്വീകരിച്ചു. വീട്ടിൽ ആരൊക്കെ എന്ന് അറിയണ്ടേ? പാഠം വായിച്ച് കണ്ടെത്താൻ നിർദേശിക്കുന്നു. പല മുറികളുള്ള ഒറിഗാമി വീട് ഒട്ടിക്കുന്നു. കഥാപാത്രങ്ങളുടെ ചിത്രങ്ങൾ ഒട്ടിക്കുന്നു. നിറം നൽകുന്നു.<br><br>നാല് മുറികളുള്ള ഒറിഗാമി വീട് ഒട്ടിക്കുന്നു. അതിന്റെയുള്ളിൽ കഥാപാത്രങ്ങളെ ഒട്ടിച്ചു ചേർക്കുന്നു.<br>കഥാപാത്രങ്ങളുടെ വസ്ത്രങ്ങൾക്ക് പാഠഭാഗത്തു പറഞ്ഞിരിക്കുന്ന നിറങ്ങൾ നൽകുന്നു. | ച്ഛ, മ്മ, ന്ന |
| **ഫ്രെയിം – 15**<br>വൃത്തിയുള്ള പരിസരം<br>ഭംഗിയുള്ള വീട്<br>ചുറ്റും മരങ്ങളുള്ള വീട്<br>പൂക്കളുള്ള വീട്<br>പഴങ്ങളുള്ള വീട് | അകത്തെ കാഴ്ചകൾ കണ്ട കൂട്ടുകാർ പുറത്തിറങ്ങി.<br>എന്തൊക്കെ കാഴ്ചകളാവും?<br>പുസ്തകം വായിച്ച് പറയട്ടെ.<br>ഒറിഗാമി വീടിന്റെ വെളിയിൽ മരങ്ങൾ ഒട്ടിക്കുന്നു.<br>പഴങ്ങൾ വരച്ച് ചേർക്കുന്നു | ള്ള, ങ്ങ |

ഈ പ്രവർത്തനങ്ങൾക്ക് ശേഷം പാഠപുസ്തകത്തിലെ മറ്റു പ്രവർത്തനങ്ങളും ചെയ്യാവുന്നതാണ്.